(ബി)	സ്വന്തമായി കെട്ടിടം ഉള്ള അംഗൻവാടികൾ	ഇപ്പോൾ കെട്ടിട നിർമ്മാണ പ്രവർത്തി തുടങ്ങുന്ന അംഗൻവാടികൾ
ബാലുശ്ശേരി	17	6
അത്തോളി	11	..
പനങ്ങോട്	14	3
ഉള്ളിയേരി	17	4
ഏലത്തൂർ	7	2
തലക്കളത്തൂർ	15	..
നന്മണ്ട	22	1

തിരുവനന്തപുരത്തുള്ള ടെക്നോപാർക്കിന് ചെലവഴിച്ച തുക

37 (1229) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തുള്ള ടെക്നോപാർക്കിന്റെ നിർമ്മാണത്തിനും മേൽനോട്ടത്തിനുമായി നാളിതുവരെ എന്തു തുക ചെലവിട്ടുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഐ.ടി. വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ സൗകര്യങ്ങളും ടെക്നോപാർക്കിൽ ലഭ്യമാണോ ; ഇല്ലെങ്കിൽ എന്തൊക്കെ സൗകര്യങ്ങളാണ് വേണ്ടതെന്ന് വ്യക്തമാക്കാമോ ;

(സി) ടെക്നോപാർക്കിൽ ആകെ എത്ര ചതുരശ്രഅടി സ്ഥലമാണ് വാടകയ്ക്ക് നൽകുന്നതിനുള്ളത് എന്ന് വിശദമാക്കുമോ ; അതിൽ എത്ര ചതുരശ്ര അടി വാടകയ്ക്ക് കൊടുത്തുവെന്നും ബാക്കി എത്ര അടി ഒഴിഞ്ഞു കിടക്കുന്നു എന്നും വിശദമാക്കുമോ ;

(ഡി) ഒഴിഞ്ഞു കിടക്കുന്ന സ്ഥലം വാടകയ്ക്ക് കൊടുക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ടെക്നോപാർക്കിനുവേണ്ടി നാളിതു വരെ ഗവൺമെന്റ് ഗ്രാന്റും ലോണും ഉൾപ്പെടെ 138.59 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(ബി) ഐ.ടി. വ്യവസായവുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ടെക്നോപാർക്കിൽ ലഭ്യമാണ്.

(സി) ടെക്നോപാർക്കിൽ കമ്പനികൾക്കും സേവനദാതാക്കൾക്കും വാടകയ്ക്കു നൽകുന്നതിനുവേണ്ടി മൊത്തം 12,48,500 ചതുരശ്രഅടി സ്ഥലം ഉള്ളതിൽ 9,23,500 ചതുരശ്രഅടി സ്ഥലം ഇതുവരെ വാടകയ്ക്കു നൽകികഴിഞ്ഞു. ബാക്കി 3,25,000 ചതുരശ്ര അടി സ്ഥലം ഒഴിഞ്ഞു കിടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ കമ്പനികൾ വരുന്നതനുസരിച്ച് ബാക്കിയുള്ള സ്ഥലം വാടകയ്ക്ക് നൽകി കൊണ്ടിരിക്കുന്നു. കമ്പനികളെ ടെക്നോപാർക്കിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

സംസ്ഥാനത്തെ തൊഴിലവസരങ്ങൾ

38 (1230) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലും എത്ര തൊഴിലവസരങ്ങൾ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) 2001 ഏപ്രിൽ 30-ാം തീയതി വരെ സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2002-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ പൊതുമേഖലയിലും, പത്തും അതിൽ കൂടുതലും ആളുകൾ തൊഴിൽ ചെയ്യുന്ന സ്വകാര്യമേഖലയിലും ഉള്ള ആകെ തൊഴിലവസരങ്ങളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

	പൊതുമേഖല	സ്ഥാപനങ്ങളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം
1.	കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ	308	99497
2.	സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ	5699	288270
3.	കേന്ദ്ര അർദ്ധസർക്കാർ സ്ഥാപനങ്ങൾ	2306	85102
4.	സംസ്ഥാന അർദ്ധസർക്കാർ സ്ഥാപനങ്ങൾ	1000	139810
5.	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	1332	26329
	ആകെ	11445	638008

	സ്വകാര്യ മേഖല	സ്ഥാപനങ്ങളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം
1.	ആക്ട് എസ്റ്റാബ്ലിഷ്മെന്റ്	4358	433500
2.	നോൺ ആക്ട് എസ്റ്റാബ്ലിഷ്മെന്റ്	7851	142495
	ആകെ	12209	576995

LIBRARY ARCHIVES Kerala Legislative Assembly